


ഓർമ്മയുടെ ചിന്തുകളിൽ
പറ്റിപ്പിടിച്ചിരുന്ന വിളികൾ
വട്ടമിട്ടു മൂളുന്നു ചുറ്റിലും...
‘മോനെ‘ ‘ഡാ‘ ‘കണ്ണാ‘ ‘കുട്ടാ‘

കണ്ണാടിക്കുള്ളിൽ നിന്നും
ഇറങ്ങി ഓടുന്നു
വെട്ടിയൊതുക്കിയ തലമുടി
ചമയങ്ങളില്ലാത്ത മുഖം!

മറയ്ക്കാത്ത മാറിൽ
കൈത്തലങ്ങൾ ചേർത്തു
ഇറക്കം കുറഞ്ഞ നിക്കർ
വലിച്ചു നീട്ടുന്ന മനസ്സ് !!

‘അവനെ‘ കീറിമുറിച്ച്
നീണ്ടു വരുന്ന കരങ്ങളിൽ
മുറുക്കി പിടിച്ച ലിപ്സ്റ്റിക്
കൺമഷി, പിന്നെ ചാന്തു പൊട്ടും!!

തറച്ചിറങ്ങും ചൂണ്ടു വിരലുകൾ
കോർത്തെടുക്കുന്ന കണ്ണുകൾ
വരിഞ്ഞു മുറുക്കുന്ന വിലക്കുകൾ
മുറിച്ചുവക്കും പച്ചയായൊരു ജീവനെ!!

പട്ടുപാവടയിഹലേക്ക് തുടിക്കുന്ന ഹൃദയം
വലിച്ചെറിഞ്ഞ കൂട്ടുകാർ
ഒറ്റയായി വരച്ചിടുന്നു
സൃഷ്ടിയുടെ വഴുക്കലിൽ
അടിതെറ്റി പോയൊരു ജന്മത്തെ!!